12 (*102) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെ പഠനം ആധുനികവൽക്കരിക്കുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിച്ചിട്ടുണ്ട്;

(ഇ) പത്തനംതിട്ട, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ&ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും യു.ജി.സി. നിർദ്ദേശാനുസരണം തൊഴിലധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത കോഴ്സുകൾ നിലനിർത്തിക്കൊണ്ടുതന്നെ ഡിഗ്രിതലത്തിൽ ജില്ലക്ക് പരിഷ്ക്കരിച്ച തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. പഠനം ആധുനികവൽക്കരിക്കുന്നതിന് കോഴ്സുകൾ ഇന്റേണൽ അസസ്മെന്റും സെമസ്റ്റർ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഇൻഫർമേഷൻ ടെക്നോളജി കോഴ്സ് ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം വിലയിരുത്തുവാനും ഗുണനിലവാരം ഉയർത്തുന്നതിനും കമ്മീഷനുകളെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക, നിലവിലുള്ളതിൽ പുതിയ കോഴ്സുകൾ ആരംഭിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ 4 എഞ്ചിനീയറിംഗ് കോളേജുകളും 9 പോളിടെക്നിക്കുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 4 പോളിടെക്നിക്കുകളും ഒരു എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല

LIBRARY ARCHIVES Kerala Legislative Assembly

യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ പുളിങ്കുന്നിലും മഹാത്മാഗാന്ധി സർവകലാ ശാലയുടെ കീഴിൽ തൊടുപുഴ എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്.

(ഇ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ട ജില്ലയിൽ കല്ലു പാറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു കഴിഞ്ഞു.

13 (*103) സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപകർ

ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ അദ്ധ്യാപകർ നിയമിക്കപ്പെടുമ്പോൾ അവർക്ക് നിശ്ചയിച്ചി രുന്ന യോഗ്യത എന്തായിരുന്നു;

(സി) നിയമനം ലഭിച്ച അദ്ധ്യാപകർ വീണ്ടും യോഗ്യതാപരീക്ഷ എഴു തണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) 1995-96 അക്കാദമിക് വർഷത്തിനുശേഷം ഹയർ സെക്കന്ററി നിയമനം നേടിയ അദ്ധ്യാപകർ യോഗ്യതാ പരീക്ഷ എഴുതണമെന്നും അതിനു മുമ്പുള്ളവർ എഴുതണ്ടാ എന്നും തീരുമാനിക്കാനുള്ള കാരണം എന്താണ്;

(ഇ) 1995-96 വരെ ഹയർ സെക്കന്ററി വിഭാഗത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം എത്ര;

(എഫ്) മിനിമം യോഗ്യത നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മാനേജുമെന്റുകൾ നിയമിച്ച അദ്ധ്യാപകർ വീണ്ടും ഒരു യോഗ്യതാ പരീക്ഷ നടത്തുന്നത് മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള ഇടപെട ലാണോ;

(ജി) യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുന്നതിൽ മാനേജുമെന്റോ അദ്ധ്യാപകരോ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളി പ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സർക്കാർ മേഖലയിൽ 2869-ഉം സ്വകാര്യ മേഖലയിൽ 3491-ഉം ഉൾപ്പെടെ 6360 അദ്ധ്യാപകർ ഹയർ സെക്കന്ററി വിഭാഗത്തിൽ ജോലി നോക്കു ന്നുണ്ട്.

(ബി) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനിയമനത്തിന് 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും ബി. എഡുമാണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിരുന്നത്. എന്നാൽ ചില വിഷയങ്ങളിൽ ബി.എഡ്. ബിരുദധാരികൾ ആവശ്യത്തിന് ലഭ്യമല്ലാത്തതി

LIBRARY ARCHIVES Kerala Legislative Assembly